സർക്കാർ സ്കൂളുകളുടെ മോഡേണൈസേഷനും ക്വാളിറ്റി ഇംപ്രൂവ്മെന്റിനുമായി സമഗ്ര പദ്ധതി

89 (3825) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ സ്കൂളുകളുടെ മോഡേണൈസേഷനും ക്വാളിറ്റി ഇംപ്രൂവ്മെന്റിനുമായി സമഗ്ര പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന് എന്തെങ്കിലും പദ്ധതിയുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) എല്ലാ സർക്കാർ സ്കൂളുകളിലെയും ലാടിൻ, ആൺ-നീൽ ഷെഡ് എന്നിവ നവീകരിച്ചിട്ടുണ്ടെന്ന സർക്കാർ പ്രഖ്യാപനം നാളിതുവരെ പ്രാബല്യത്തിൽ വന്നിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത നടപടി എന്നത്തേക്ക് ആരംഭിക്കാനാകും ?

ഉത്തരം

(എ) ക്വാളിറ്റി ഇംപ്രൂവ്മെന്റിനായി ഫോക്കസ് 2015 എന്ന സമഗ്ര പദ്ധതി എസ്.എസ്.എ. മുഖേന നടപ്പിലാക്കുന്നു. കുട്ടികളുടെ പഠന പുരോഗതി ഉറപ്പാക്കിയും വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ സമൂഹത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ മെച്ചപ്പെടുത്തി ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ബി) ലാടിൻ എല്ലാ സർക്കാർ സ്കൂളുകളിലും ഉണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ട്. ആൺ-മീൽ ഷെഡിന്റെ നവീകരണത്തിന് കേന്ദ്ര മാനവവിഭവശേഷി വികസനമന്ത്രാലയത്തിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടില്ല.

സർക്കാർ സ്കൂളുകളുടെ ആധുനികവൽക്കരണം

90 (3826) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിൽ ആധുനികവൽക്കരിക്കുന്നതിൽ എത്രകണ്ട് വിജയിച്ചു എന്ന് വിശദമാക്കാമോ ;

(ബി) എത്ര സ്കൂളുകളെ പ്രസ്തുത നിലവാരത്തിലെത്തിച്ചു എന്നറിയിക്കാമോ ; ഇതിനായി എന്ത് തുക ചെലവഴിച്ചു എന്ന് അറിയിക്കാമോ ;

(സി) സർക്കാർ വിദ്യാലയങ്ങളിലെ പശ്ചാത്തല സൗകര്യവികസനം സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിലുള്ള സൗകര്യങ്ങൾ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ നടക്കാവ് ഗവ. വി.എച്ച്.എസ്. സ്കൂളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ആധുനികവൽക്കരണം നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ ഇത് 100% വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 14 കോടി രൂപയുടെ പ്രിസം പദ്ധതിയാണ് നടപ്പിലാക്കിയത്. സർക്കാർ L.P. സ്കൂളുകളെല്ലാം തന്നെ ആകർഷകവും ശിശുസൗഹൃദവുമാക്കി മാറ്റിയിട്ടുണ്ട്.

(സി) സർക്കാർ വിദ്യാലയങ്ങളിലെ പശ്ചാത്തല വികസനം പദ്ധതി വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കുന്നു. സർക്കാർ പ്രൈമറി സ്കൂളുകളിൽ ശൗചാലയങ്ങൾ, ടോയ്ലറ്റുകൾ, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതീകരണ പ്രവർത്തനങ്ങൾ, ക്ലാസ്സ് മുറികൾ വേർതിരിക്കൽ, കോമ്പൗണ്ട് വാൾ സ്ഥാപിക്കൽ, ക്ലാസ്സ് മുറികളിൽ ടൈൽ പാകൽ തുടങ്ങിയവ നടന്നുവരുന്നു.

(ഡി) നടപടികൾ സ്വീകരിക്കുന്നതാണ്.

അൺഫിറ്റായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

91 (3827) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൺഫിറ്റായ കെട്ടിടങ്ങളിൽ നടപ്പു അദ്ധ്യയനവർഷവും സ്കൂൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അൺഫിറ്റായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(സി) മാവേലിക്കര നിയോജക മണ്ഡലത്തിൽ അൺഫിറ്റായ കെട്ടിടങ്ങൾ ഉള്ള സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly